**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 302 — 19.02.2013 ൽ മറുപടിയ്ക്ക്

**കെ.എസ്.ബി.ബി. പദ്ധതികളിലൂടെ പരമ്പരാഗത കാർഷിക പുരോഗതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ലൂഡി ലൂയിസ് | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പരമ്പരാഗത കൃഷികൾ പുനരുദ്ധരിക്കാൻ കെ.എസ്.ബി.ബി. ക്ക് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) പരമ്പരാഗത കാർഷികവിളകളുടെ വൈവിധ്യം, ഇവയിൽ നഷ്ടപ്പെട്ടവയുടെ വിശദവിവരങ്ങൾ ലഭ്യതാസ്രോതസ്സുകൾ എന്നിവയുടെ കണക്കെടുക്കുക, നെല്പാട ആവാസ വ്യവസ്ഥയുടെ ഇനവിവരപ്പട്ടിക തയ്യാറാക്കുക, പാരമ്പര്യ കൃഷിരീതികളിൽ വൈദേശിക ഇനങ്ങളുടെ ആവിർഭാവം മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കുന്നതിന് ഗവേഷണപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, കാർഷിക സമീപനത്തിൽ കാർഷിക ആവാസ വ്യവസ്ഥാ സമീപനം വികസിപ്പിച്ചെടുക്കുക, തദ്ദേശീയ ഇനങ്ങളുടെ സംരക്ഷണവും ഉല്പാദനവും പ്രോത്സാഹിപ്പിക്കു |

ക, വിത്തു വില്ലേജുകൾ സ്ഥാപിക്കുക, ജനിതക പരിവർത്തനം വരുത്തിയ വിളകളുടെ ഉപയോഗം തടയുക എന്നിവ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കർമ്മപദ്ധതിയിൽ ഉൾപ്പെട്ടവയാണ്.

ഇതുപ്രകാരം വയനാട് ജില്ലയിലെ ഇടവക ഗ്രാമപഞ്ചായത്തിൽ കിഴങ്ങുവർഗ്ഗ വിളകളുടെ വൈവിധ്യം സംരക്ഷിക്കുന്നതിനായി ഒരു പദ്ധതി ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. വയനാട്ടിലെ പരമ്പരാഗത നെല്ലിനങ്ങൾ സംരക്ഷിക്കുന്നതിനായി "ട്രാക്കിംഗ് ആന്റ് കൺസർവേഷൻ ഓഫ് ട്രഡീഷണൽ റൈസ് വെറൈറ്റീസ് ഇൻ വയനാട് "എന്ന പദ്ധതി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ വിളകളുടെ വിത്തിനങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനായി "സീഡ് ബാങ്ക് എസ്റ്റാബ്ലിഷ്മെന്റ് ഫോർ കൺസർവേഷൻ

ഓഫ് പ്ലാന്റ് ഡൈവേഴ്സിറ്റി ആന്റ് വൈൽഡ് ക്രോപ്പ് ഡൈവേഴ്സിറ്റി " എന്ന പദ്ധതിയും അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പശ്ചിമഘട്ടങ്ങൾക്ക് ഐക്യ രാഷ്ട്രസഭ ലോക ഹെറിറ്റേജ് സൈറ്റ് സ്റ്റാറ്റസ് നൽകിയതുവഴി പ്രസ്തുത മേഖലയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നിലവിൽ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. ലോക ഹെറിറ്റേജ് സൈറ്റ് സ്റ്റാറ്റസ് ലഭിച്ചത് പശ്ചിമഘട്ടത്തിലെ പരമ്പരാഗത കൃഷിരീതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും എക്കോ സിസ്റ്റം സർവ്വീസസിന് പകരം കർഷകർക്കും ഭൂവുടമകൾക്കും നഷ്ടപരിഹാരം നൽകുന്നതിനുമുള്ള ധനസഹായം ഐക്യരാഷ്ട്ര സഭയിൽ നിന്ന് ലഭിക്കുന്നതിന് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ പശ്ചിമഘട്ട സംരക്ഷണത്തിനും സന്ദർശകരിൽ നിന്നുള്ള വരുമാനത്തിനും, ഈ പുതിയ സ്ഥാനലബ്ധി പ്രയോജനപ്പെടുമെന്നു കരുതുന്നു.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക സഹായത്തിനായി 'യുനസ്ക്കോ' യെ സമീപിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (സി) ഇത്തരം നടപടികൾ, 'യുനസ്ക്കോ'യുടെ മാനദണ്ഡങ്ങൾ അനുസരിച്ച് സ്വീകരിക്കാനുള്ളവയാണ്. ഈ ദിശയിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഡി) ഇത് അന്താരാഷ്ട്ര തലത്തിലുള്ള നടപടികളാകയാൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ